കാര്യക്ഷമതയുള്ള സിവിൽ സർവ്വീസിനായി ഭരണ പരിഷ്കാര കമ്മീഷൻ

92 (1959) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാര്യക്ഷമതയുള്ള സിവിൽ സർവ്വീസ് നടപ്പിലാക്കുന്നതിനായി പുതിയ ഭരണ പരിഷ്കാര കമ്മീഷനെ നിയമിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) അവസാനമായി എന്നാണ് ഭരണ പരിഷ്കാര കമ്മീഷനെ നിയമിച്ചത് ; അതിലെ ശിപാർശകൾ എന്തെല്ലാമായിരുന്നു ; അതിൽ എത്ര എണ്ണം നടപ്പിലാക്കി ; അവശേഷിക്കുന്നവ ഏതെല്ലാം ; വിശദാംശം നൽകാമോ ;

(സി) സംസ്ഥാന സെക്രട്ടേറിയറ്റിൽ പൊതുഭരണ വകുപ്പിൽ തീർപ്പാക്കുന്നതിലേക്കായി 31-10-2014-ൽ എത്ര ഫയലുകൾ അവശേഷിക്കുന്നുണ്ട് ; വകുപ്പ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ഡി) ഫയലുകൾ സംബന്ധിച്ച വിഷയം പൊതുജനങ്ങൾക്ക് അറിയുന്നതിനായി നിലവിൽ എന്തെല്ലാം സംവിധാനങ്ങൾ ആണുള്ളത് ; ആയതിലേക്ക് ഓരോ ബ്ലോക്കിലും ഹെൽപ്പ് ഡസ്കുകൾ ഏർപ്പെടുത്തുമോ : വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഇ. കെ. നായനാർ ചെയർമാനായുള്ള മൂന്നാമത് കേരള ഭരണപരിഷ്കാര കമ്മിറ്റിയാണ് (1997-ൽ) അവസാനമായി നിയമിതമായത്. മൂന്നാമത് ഭരണ പരിഷ്കാര കമ്മിറ്റി സമർപ്പിച്ച 15 റിപ്പോർട്ടുകളിൽ 1, 2, 3, 4, 6, 7, 8, 10, 11, 12, 13 നമ്പരുകളായുള്ള 11 റിപ്പോർട്ടുകളിലെ മിക്ക ശിപാർശകളും സർക്കാർ അംഗീകരിച്ച് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. അവയുടെ വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു. ഇവയുടെ നടപ്പാക്കൽ വിവിധ ഘട്ടങ്ങളിലാണ്. 5,9,14,15 എന്നീ നമ്പരുകളിലെ ശിപാർശകളാണ് നടപ്പിലാക്കിയിട്ടില്ലാത്തത്. അവയുടെ വിശദാംശങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(സി) 128078 ഫയലുകളാണ് 31-10-2014-ൽ സെക്രട്ടേറിയറ്റിൽ പൊതുഭരണ വകുപ്പിൽ തീർപ്പാക്കാൻ അവശേഷിക്കുന്നത്. വകുപ്പ് തിരിച്ചുള്ള കണക്ക് അനുബന്ധം III ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നിലവിൽ ഇന്റർനെറ്റിന്റെ സഹായത്തോടെ 'IDEAS' സോഫ്റ്റ്വെയർ വഴി പൊതുജനങ്ങൾക്ക് ട്രാക്കിംഗ് നടത്താവുന്നതാണ്. കൂടാതെ സെക്രട്ടേറിയറ്റിലെ സന്ദർശക സഹായ കേന്ദ്രങ്ങളിൽ Touch Screen Kiosk-കൾ സ്ഥാപിച്ചിട്ടുണ്ട്. ഇതുവഴിയും പൊതുജനങ്ങൾക്ക് വിവരങ്ങൾ ലഭ്യമാകുന്നതാണ്.

സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് ഒഴിവുകൾ

93 (1960) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷം പൊതുഭരണ വകുപ്പിൽനിന്നും 2014 ഒക്ടോബർ മാസം വരെ സെക്രട്ടേറിയറ്റ് അസിസ്റ്റന്റിന് മുകളിലുള്ള എത്ര ജീവനക്കാർ സർവ്വീസിൽ നിന്നും വിരമിച്ചു ;

(ബി) ഇതിൽ ഏതൊക്കെ തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകിയിട്ടുണ്ട് ;

(സി) പ്രസ്തുത കാലയളവിൽ എത്ര അസിസ്റ്റന്റ് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(ഡി) സെക്രട്ടേറിയറ്റിൽ തസ്തികമാറ്റം വഴി എത്ര പേർക്ക് അസിസ്റ്റന്റായി നിയമനം നൽകിയിട്ടുണ്ട് ;

(ഇ) സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയുടെ 2015 മേയ് വരെയുള്ള ഒഴിവുകൾ എത്രയെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) സെക്രട്ടേറിയറ്റ് അസിസ്റ്റന്റിന് മുകളിലുള്ള സെക്ഷൻ ഓഫീസർ മുതൽ സ്പെഷ്യൽ സെക്രട്ടറിവരെ 20 പേർ വിരമിച്ചിട്ടുണ്ട്.

(ബി) മേൽ പറഞ്ഞ എല്ലാ തസ്തികകളിലും ഉദ്യോഗക്കയറ്റം നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത കാലയളവിൽ 19 അസിസ്റ്റന്റ് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) സെക്രട്ടേറിയറ്റിൽ തസ്തികമാറ്റംവഴി 13 പേർക്ക് അസിസ്റ്റന്റായി നിയമനം നൽകിയിട്ടുണ്ട്. (ഏപ്രിൽ 2014 മുതൽ ഒക്ടോബർ 2014 വരെ)

(ഇ) 2015 മേയ് വരെ 63 റിട്ടയർമെന്റ് ഒഴിവുണ്ട്. ഇതിൽ ആശ്രിതനിയമനം/ ബൈട്രാൻസ്ഫർ/സ്പോർസ് ക്വാട്ട തുടങ്ങിയ നിയമനങ്ങൾക്കായുള്ള നിശ്ചിത ശതമാനം ഒഴിവുകൾ നീക്കിവച്ച് ബാക്കിയുള്ള ഒഴിവുകൾ മാത്രമേ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly